"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം- വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.331/2025/TSM തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.12/2017/ടൂറിസം, തീയതി 23.06.2017.
2. സ.ഉ (കൈ) നം.2/2023/ടൂറിസം, തീയതി 13.01.2023.
3. സ.ഉ (സാധാ) ) നം.268/2023/ടൂറിസം, തീയതി 06.06.2023.
4. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26-03-2025 തീയതിയിലെ KRTMS/128/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ ടൂറിസം രംഗത്തിനാകെ മാതൃകയായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സ്വതന്ത്രവും, വിപുലവുമാക്കുന്നതിനായി, പരാമർശം (1) പ്രകാരം രൂപീകരിച്ച ഉത്തരവാദിത്ത ടൂറിസം മിഷനെ പരാമർശം (2) പ്രകാരം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആക്കി മാറ്റി ഉത്തരവാകുകയുണ്ടായി.

(2). പരാമർശം (1) ഉത്തരവ് പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചപ്പോൾ 50,000/- രൂപ സഞ്ചിത വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ മിഷനിൽ നിയമിക്കപ്പെട്ട സ്റ്റേറ്റ് ആർ ടി മിഷൻ കോ - ഓർഡിനേറ്ററിനെ കാലാവധി അവസാനിച്ച മുറക്ക്, കരാർ പുതുക്കി നല്കുകയും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി രൂപീകൃതമായപ്പോൾ അതേ ശമ്പള വ്യവസ്ഥയിൽ സൊസൈറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി നിയമിക്കുകയും ചെയ്തു.ആയതിനാൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ സി.ഇ.ഒ യുടെ ശമ്പളം 85,000/-രൂപ സഞ്ചിത വേതനമായി വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സി.ഇ.ഒ പരാമർശം (4) അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(3). കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിലെ സിഇ.ഒ യുടെ കരാർ നിയമന കാലാവധി പരാമർശം (3) ഉത്തരവ് പ്രകാരം 31-07-2023 മുതൽ രണ്ട് വർഷത്തേക്ക്

ദീർഘിപ്പിച്ച് നൽകിയിരുന്നു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2016 ൽ നിശ്ചയിച്ച തുകയാണ് 9 വർഷത്തിന് ശേഷവും തുടരുന്നത് എന്ന വസ്തുത കണക്കിലെടുത്ത് കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിലെ സിഇ.ഒ യുടെ ശമ്പളം നിലവിലെ 50,000/- രൂപയിൽ നിന്നും 50 % വർദ്ധനവ് നൽകി ₹75,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി,പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ നം.3112861/വ്യയം-ബി2/114/2025-ധന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/77/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 10-06-2025 17:02:02
സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.